പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.**
**5666**

**02.07.2019-ൽ മറുപടിയ്ക്ക്**

**സാംസ്കാരിക വകുപ്പിന് കീഴിലുള്ള അക്കാദമികളുടെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പ്രൊഫ. കെ.യു. അരുണൻ<br>ശ്രീ. എം. മുകേഷ്<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. ജയിംസ് മാത്യു | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| എ) സാംസ്കാരിക വകുപ്പിന് കീഴിലുള്ള വിവിധ അക്കാദമികളുടെ പ്രവർത്തനം തൃപ്തികരമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. വിവിധ അക്കാദമികളുടെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട്, അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട്, നിയമസഭാ സമിതിക്കു മുമ്പാകെ സമർപ്പിക്കുന്ന വാർഷിക പ്രവർത്തന റിപ്പോർട്ട്, വാർഷിക ഭരണ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ അക്കാദമികളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു. കൂടാതെ സാംസ്കാരിക സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഗ്രാന്റിന്റെ വിനിയോഗ സർട്ടിഫിക്കറ്റും യഥാസമയം ലഭ്യമാക്കി സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. അക്കാദമികളുടെ പ്രവർത്തനം തൃപ്തികരമാണോയെന്ന് പരിശോധിക്കുവാനും, സർക്കാർ നിലപാടുകൾ അക്കാദമികളെ വിവിധ ഘട്ടങ്ങളിൽ അറിയിക്കുന്നതിനുമാണ് സർക്കാർ പ്രതിനിധികളെ അക്കാദമികളുടെ ഭരണസമിതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| ബി) കേന്ദ്ര-സാഹിത്യ അക്കാദമിയുടെ മാതൃകയിൽ കേരള സാഹിത്യ അക്കാദമിയെ പുനഃസംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ അത് വഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | ബി) ഇപ്പോൾ പരിഗണനയിലില്ല. |
| സി) നിലവിലെ സാഹചര്യത്തിൽ പ്രാദേശിക-സാഹിത്യ സമിതികൾ, കലാ-സാംസ്കാരിക സമിതികൾ എന്നിവയുടെ പ്രവർത്തനങ്ങൾക്ക് സർക്കാർ സഹായം നൽകുന്നതിന് മാനദണ്ഡങ്ങൾ തടസ്സമായതിനാൽ അവ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | സി) കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ സാംസ്കാരിക സംഘടനകൾക്ക്/സമിതികൾക്ക്/ സ്ഥാപനങ്ങൾക്ക് ധനസഹായങ്ങൾ അനുവദിക്കുന്നതിന് നിലവിൽ അവലംബിച്ചു വരുന്ന മാനദണ്ഡങ്ങൾ ഒരു തടസ്സവും സൃഷ്ടിക്കുന്നില്ല. എന്നാൽ പ്രസ്തുത മാനദണ്ഡങ്ങൾക്ക് കാലോചിതമായ മാറ്റങ്ങൾ അനിവാര്യമാണെന്ന് വിലയിരുത്തുന്നതിന്റെ അടിസ്ഥാനത്തിൽ ടി മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

ഡി) വിവിധ അക്കാദമികളും സാംസ്കാരിക കേന്ദ്രങ്ങളും സമാന സ്വഭാവമുള്ള കലാപരിപാടികൾ സംഘടിപ്പിക്കുന്നതിന് പകരം അതത് മേഖലയുമായി ബന്ധപ്പെട്ട പരിപാടികൾക്ക് പ്രാമുഖ്യം നൽകുന്നതിനും പ്രസ്തുത മേഖലയിൽ ഗവേഷണാത്മക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ;

ഡി) സാംസ്കാരിക വകുപ്പിന് കീഴിലുള്ള അക്കാദമികളുടെയും സാംസ്കാരിക കേന്ദ്രങ്ങളുടെയും പ്രവർത്തന ലക്ഷ്യങ്ങൾ വിഭിന്നങ്ങളാണ്. അതുകൊണ്ട് തന്നെ സമാന സ്വഭാവമുള്ള പരിപാടികൾ സംഘടിപ്പിക്കുന്നത് വിരളവുമാണ്. എന്നാൽ ചില മേഖലകളിൽ അക്കാദമികൾ സഹകരിച്ച് പ്രവർത്തിക്കുന്നതു കൊണ്ട് പരിപാടികൾ കൂടുതൽ ഫലപ്രദമാവുന്നതും ചെലവുകൾ ഗണ്യമായ തോതിൽ കുറയുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന് കേരള സംഗീത നാടക അക്കാദമിയിൽ നടത്തുന്ന ഇറ്റ് ഫോക് പരിപാടിയുടെ കൊളോക്യം-സെമിനാർ സെഷനുകൾ ഏറ്റെടുത്ത് നടത്തുന്നത് കേരള സാഹിത്യ അക്കാദമിയാണ്. ഇത് രണ്ട് അക്കാദമികളുടെയും പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുന്നുണ്ട്.

ഫോക് ലോർ പഠനത്തിനും ഗവേഷണത്തിനും ഉതകും വിധം വിപുലമായ ഒരു ഉപകേന്ദ്രം കോട്ടയം ജില്ലയിലെ വെള്ളാവൂരിലെ മണിമലയിൽ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. തെക്കൻ കേരളത്തിലെ പടയണി, മുടിയേറ്റ്, കുത്തിയോട്ടം, അമ്പത്തീരടിപാട്ടും പടവെട്ടും തുടങ്ങിയ കലാരൂപങ്ങളെ പരിശീലിപ്പിക്കുവാനും മറ്റു ഗവേഷണ പ്രവർത്തനങ്ങൾക്കും ഈ പഠനകേന്ദ്രത്തെ പ്രയോജനപ്പെടുത്തുവാൻ കഴിയും.

സിനിമാമേഖലയിൽ ഗവേഷണാത്മക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്ക് കീഴിൽ സെന്റർ ഫോർ ഇന്റർനാഷണൽ ഫിലിം റിസർച്ച് & ആർക്കൈവ്സ് (CIFRA) പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

ഇ) ഓരോ അക്കാദമിയും അവരവരുടെ മേഖലയിലെ പ്രാദേശിക സമിതികളുമായി ചേർന്ന് സംയുക്ത പരിപാടികൾ ഏറ്റെടുക്കുന്നതിനും പ്രസ്തുത സമിതികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം നേടികൊടുക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമോ; വിശദമാക്കുമോ?

ഇ) കേരള സംഗീതനാടക അക്കാദമിയും കേരള ഫോക് ലോർ അക്കാദമിയും പ്രാദേശിക സമിതികളുമായി ചേർന്ന് സംയുക്ത പരിപാടികൾ ഏറ്റെടുത്ത് നടത്തി വരാറുണ്ട്. വിവിധ അക്കാദമികൾ ശുപാർശ ചെയ്യുന്ന പ്രാദേശിക സമിതികൾക്ക് സംസ്ഥാന സർക്കാർ പരിശോധിച്ച് സാമ്പത്തിക സഹായം നൽകുന്നുണ്ട്. കൂടാതെ സാംസ്കാരിക സ്ഥാപനങ്ങളും/സമിതികളുടെ കേന്ദ്ര ഗ്രാന്റിനായുള്ള അപേക്ഷകൾ പരിശോധിച്ച് കേന്ദ്രസർക്കാരിലേയ്ക്ക് ശുപാർശ ചെയ്യാറുണ്ട്.

സെക്ഷൻ ഓഫീസർ